# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1144 — 05.03.2018 -ൽ മറുപടിക്ക്

## താലൂക്ക് സഭകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പ്രതിമാസം നടക്കുന്ന താലൂക്ക് സഭകളുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) താലൂക്ക് സഭകൾ 22/11/2006-ലെ സ.ഉ(കൈ) നമ്പർ 330/2006/റവ ഉത്തരവ് പ്രകാരം താലൂക്ക് വികസന സമിതി എന്ന പേരിൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ സാമാന്യമായ അവലോകനം, കാലതാമസം ഉണ്ടാകുന്ന വകുപ്പുകളിലെ പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കൽ, ഗുരുതരമായ പൊതുജനപരാതികൾ ചർച്ച ചെയ്ത് തീരുമാനം എടുക്കൽ, ജനക്ഷേമകരമായ പുതിയ പദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കൽ, ഓരോ യോഗവും അതിന് മുമ്പ് എടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തൽ, ജില്ലാ വികസനസമിതി ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും താലൂക്ക് വികസന സമിതിയിലും ചർച്ച ചെയ്യുക എന്നിവയാണ് താലൂക്ക് വികസന സമിതികളുടെ പരിഗണനാ വിഷയങ്ങൾ. |
| (ബി) പ്രസ്തുത താലൂക്ക് സഭകൾക്ക് എന്തൊക്കെ അധികാരങ്ങളാണ് നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം, വകുപ്പുകളിൽ കാലതാമസ മുണ്ടാകുന്ന പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനം, പൊതുജന പരാതികളുടെ പരിഹാരം, പുതിയ പദ്ധതികളുടെ രൂപം നൽകൽ, ഓരോ യോഗവും അതിന് മുമ്പ് എടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തൽ, എന്നിവയാണ് താലൂക്ക് വികസന സമിതിയുടെ. ചുമതലകൾ. കൂടാതെ ജില്ലാ വികസന സമിതി ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും താലൂക്ക് വികസന സമിതിയിൽ ചർച്ച ചെയ്യേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | താലൂക്ക് സഭകൾക്ക് താലൂക്കുകളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുവാൻ അധികാരമുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഗുരുതരമായ പൊതുജന പരാതികൾ ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ അധികാരമുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിശോധിച്ചും കാലവിളംബം കൂടാതെ അവയ്ക്ക് പരിഹാരം കാണുന്നതിനും ഭരണനേട്ടങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും താലൂക്ക് വികസന സിതികൾ രൂപീകരിച്ചിട്ടുള്ളത്. കൂടാതെ പരാതിക്കാധാരമായ വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും നിർദ്ദേശിക്കുന്നതിനും താലൂക്ക് സഭകൾക്ക് സാധിക്കുന്നുണ്ട്. ഓരോ യോഗവും അതിന് മുമ്പ് എടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് സഭയിൽ കഴിഞ്ഞ ഒരു വർഷക്കാലം പരിഹരിച്ച പരാതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | കോഴിക്കോട് താലൂക്ക് വികസന സമിതിയിൽ കഴിഞ്ഞ വർഷം പരാതികൾ ഒന്നും തന്നെ നേരിട്ട് പരിഹരിച്ചിട്ടില്ല. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ അതാത് വകുപ്പുകൾക്കയച്ച് ഏകോപിപ്പിക്കുന്ന പ്രവർത്തനമാണ് നടത്തിയത്. |
| (ഇ) | പ്രസ്തുത താലൂക്ക് സഭയുടെ ഘടനയെക്കുറിച്ചും ആരൊക്കെയാണ് അതിൽ പങ്കെടുക്കേണ്ടതെന്നുമുള്ള പ്രസക്തമായ ഉത്തരവുകൾ ലഭ്യമാക്കാമോ? | (ഇ) | താലൂക്ക് സഭകൾ താലൂക്ക് വികസന സമിതി എന്ന പേരിൽ പുന:സംഘടിപ്പിച്ചുകൊണ്ടും സമിതികളിലെ പ്രാധിനിത്യവും ചുമതലകളും പരിഷ്കരിച്ചുകൊണ്ടും 22-11-2006-ലെ സ.ഉ (കൈയെഴുത്ത്) നമ്പർ 330/2006/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്—താലൂക്ക് സഭ—താലൂക്ക് വികസനസമിതി എന്ന പേരിൽ പുനഃസംഘടിപ്പിച്ചുകൊണ്ടും സഭകളിലെ പ്രാതിനിധ്യവും ചുമതലകളും പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

## റവന്യൂ (പി) വകുപ്പ്

സ. ഉ. (കൈയെഴുത്ത്) നമ്പർ 330/2006/ആർ.ഡി. തിരുവനന്തപുരം, 2006 നവംബർ 22.

പരാമർശം :— 1. 24-9-1992-ലെ ജി. ഒ. (എംഎസ്.) നമ്പർ 443/92/ആർ.ഡി.
2. 16-11-1992-ലെ ജി. ഒ. (എംഎസ്.) നമ്പർ 493/92/ആർ.ഡി.
3. 16-12-1992-ലെ ജി. ഒ. (എംഎസ്.) നമ്പർ 521/92/ആർ.ഡി.
4. 30-12-1996-ലെ സ. ഉ. (കൈയെഴുത്ത്) നമ്പർ 849/96/റവന്യൂ

### ഉത്തരവ്

പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിശോധിച്ച് കാലവിളംബം കൂടാതെ അവയ്ക്ക് പരിഹാരം കാണുന്നതിനും വികസന നേട്ടങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും താലൂക്ക് സഭകൾ രൂപീകരിച്ചുകൊണ്ടും അവയുടെ ഘടന, അവകാശാധികാരങ്ങൾ എന്നിവ നിശ്ചയിച്ചുകൊണ്ടും, മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. താലൂക്ക് സഭകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ജനപ്രതിനിധികളുടെ കൂടുതൽ പങ്കാളിത്തം ആവശ്യമായതാൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി താലൂക്ക് സഭകൾ, താലൂക്ക് വികസനസമിതികൾ എന്ന പേരിൽ പുനഃസംഘടിപ്പിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും പുതിയ മാർഗരേഖ പ്രസക്തമായതിനാൽ അവയുടെ പൊതു മാനദണ്ഡങ്ങളും ചുമതലകളും പുതുക്കി നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) താലൂക്ക് പ്രദേശത്തെ നിയോജക മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാർ.

(2) നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ഓരോ പ്രതിനിധികൾ.

(3) മേയർ/മുനിസിപ്പൽ ചെയർമാൻ.

GCPT. 3/3999/2006/DTP.

(4) താലൂക്ക് ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും.

(5) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും.

(6) താലൂക്കിൽ ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.

(7) എല്ലാ വകുപ്പുകളുടെയും ഉയർന്ന ഉദ്യോഗസ്ഥർ താലൂക്ക് സമിതിയിൽ താലൂക്ക് തലത്തിൽ ഇല്ലാത്ത വകുപ്പ് ആണെങ്കിൽ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ അംഗങ്ങളായിരിക്കണം. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരളാ വാട്ടർ അതോറിറ്റി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളായിരിക്കണം.

(8) താലൂക്കിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ.

(9) തഹസിൽദാർ (കൺവീനർ).

(10) എം. പി./മന്ത്രി/സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയവർ അവർക്ക് പകരമായി നിർദ്ദേശിക്കുന്ന ആൾ സഹിതം അംഗമായിരിക്കും.

2. എം. എൽ. എ. മാരിൽ ഒരാൾ യോഗത്തിൽ അദ്ധ്യക്ഷനായിരിക്കണം.

3. സമിതി എല്ലാ മാസവും ആദ്യ ശനിയാഴ്ച രാവിലെ 10.30-ന് താലൂക്ക് ആസ്ഥാനത്ത് സമ്മേളിക്കേണ്ടതാണ്.

4. **ചുമതലകൾ**

(1) ഗവൺമെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ സാമാന്യമായ അവലോകനം.

(2) കാലതാമസമുണ്ടാകുന്ന വകുപ്പുകളിലെ പ്രശ്നങ്ങൾ.

(3) വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കൽ.

(4) ഗുരുതരമായ പൊതുജന പരാതികൾ ചർച്ച ചെയ്ത് തീരുമാനമെടുക്കൽ.

(5) ജനക്ഷേമകരമായ പുതിയ പദ്ധതികൾ രൂപം കൊടുത്ത് നടപ്പിലാക്കൽ.

(6) ഓരോ യോഗവും അതിന് മുമ്പെടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തൽ.

(7) ഏതെങ്കിലും വകുപ്പിന്റെ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന് പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ അതിന് ന്യായമായ കാരണങ്ങൾ ബോധിപ്പിച്ച് തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ അയയ്ക്കേണ്ടതും, ഉദ്യോഗസ്ഥൻമാർ പങ്കെടുത്തില്ലെങ്കിൽ സമിതി ഉടൻതന്നെ വകുപ്പ് മേധാവിയെ ഇക്കാര്യം അറിയിക്കേണ്ടതുമാണ്.

(8) ജില്ലാ വികസന സമിതി ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും താലൂക്ക് വികസന സമിതിയിൽ ചർച്ച ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. നിവേദിത പി. ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടേറിയറ്റിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി.

മേയർമാർ/മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ/ഗ്രാമ പഞ്ചായത്തുകൾ/എം. എൽ. എ. മാർ.

ലാന്റ് റവന്യു കമ്മീഷണർ.

ജില്ലാ കളക്ടർമാർ.

വകുപ്പ് തലവൻമാർ.

ഡയറക്ടർ പബ്ലിക് റിലേഷൻസ്.

സെക്രട്ടേറിയറ്റിലെ വകുപ്പുകൾ.

റവന്യു വകുപ്പിലെ സെക്ഷനുകൾ.

സ്റ്റോക്ക് ഫയൽ.

S.O.